പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5840 28/03/2018-ൽ മറുപടിക്ക്

## ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.ഡി.പ്രസേനൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്നും അറിയിക്കാമോ; | എ) | സംസ്ഥാനത്ത് ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2017-18 സാമ്പത്തിക വർഷം എൻ എച്ച് എം മുഖേന കേന്ദ്രം അംഗീകരിച്ച 531 കോടിയുടെ പദ്ധതികളിൽ 60 ശതമാനം വിഹിതമായ 318 കോടിയിൽ 292 കോടി രൂപ ഇതുവരെ ലഭിച്ചു. |
| ബി) | ദേശീയാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ആശുപത്രികളെ നവീകരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | ഉണ്ട്. എൻ.എച്ച്.എം-ന്റെ എൻജിനീയറിംഗ് വിഭാഗം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണ പ്രവർത്തനവുമാണ് നടത്തി വരുന്നത്. സംസ്ഥാനത്ത് മാതൃശിശു സംരക്ഷണ പരിപാടികളുടെ ഭാഗമായി എം.സി.എച്ച് ബ്ലോക്കുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി സി.എച്ച്.സി, പി.എച്ച്.സി, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനോടനുബന്ധിച്ച് 170 പ്രൈമറി ഹെൽത്ത് സെന്റർ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, 8 മെഡിക്കൽ കോളേജുകളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുക, 17 ജില്ലാ/ജനറൽ ആശുപത്രികൾ |

| | | |
|---|---|---|
| | | രോഗീ സൗഹൃദമാക്കുക മുതലായ പ്രവർത്തനങ്ങളും ചെയ്തു വരുന്നു. 2013 മുതൽ നാളിതു വരെ സംസ്ഥാനത്ത് മാതൃശിശു സംരക്ഷണ പരിപാടികളുടെ ഭാഗമായി 100 കോടി രൂപ മുതൽ മുടക്കിൽ 9 എം.സി.എച്ച് ബ്ലോക്കുകൾ നിർമ്മാണം ആരംഭിക്കുകയും 5 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 4 എണ്ണം പൂർത്തികരിക്കുന്നതിനായി നിർമ്മാണം ധ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇവ തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രി, നെയ്യാറ്റിൻകര ജില്ലാ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ഫോർട്ട് ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി, ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ താലൂക്ക് ആശുപത്രി, നിലമ്പൂർ താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലാണ്. വിവിധ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന അയ്യപ്പഭക്തരുടെ ആവശ്യത്തിലേക്കായി പമ്പയിലും സന്നിധാനത്തും പുതിയ ആശുപത്രികൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇതിലേക്കായി 20 കോടി രൂപയാണ് ചെലവഴിച്ചത്. ശബരിമല തീർത്ഥാടകർക്ക് അടിയന്തിര സാഹചര്യങ്ങളിൽ ആധുനിക ചികിത്സാ നിർണ്ണയ സൗകര്യങ്ങൾക്കായി പമ്പ ആശുപത്രിൽ ഒരു ടെലി മെഡിസിൻ സെന്ററും സജ്ജമാക്കിയിട്ടുണ്ട്.<br><br>നാളിതു വരെ കേരളമൊട്ടാകെ വിവിധ പദ്ധതികളിലായി 765 കോടി രൂപയുടെ 447 നിർമ്മാണ നവീകരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2014-15, സാമ്പത്തിക വർഷത്തിൽ അനുവദിച്ചതും ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്നതുമായ 12.50 കോടി രൂപയുടെ 2 നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായികൊണ്ടിരിക്കുന്നു.<br>2015-16, സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഇനി പൂർത്തിയാക്കാൻ അവശേഷിക്കുന്ന 1.50 കോടി രൂപയുടെ 2 നിർമ്മാണ പ്രവൃത്തികളും പുരോഗമിക്കുന്നു.<br>2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 36 കോടി രൂപയുടെ 14 നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളി |

| | | | |
|---|---|---|---|
| | | | ലായി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 4.89 കോടി രൂപയുടെ 9 നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| സി) | സംസ്ഥാനത്തു വിജയപ്രദമായി നടത്തിവരുന്ന വാക്സിനേഷൻ പരിപാടി ചില ജില്ലകളിൽ വേണ്ടത്ര ലക്ഷ്യം നേടാത്തതിനാൽ, ദേശീയാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി പ്രസ്തുത ജില്ലകളിൽ പ്രത്യേകം പദ്ധതി ആവിഷ്കരിച്ച നടപ്പാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാക്സിനേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വാക് സിനേഷൻ പരിപാടി വളരെ വിജയപ്രദമാണ്. എന്നാൽ ചില ജില്ലകളിൽ തൽപരകക്ഷികൾ നടത്തിവരുന്ന കപ്രചരണങ്ങളെ പ്രതിരോധിക്കുന്നതിനും പൂർവാധികം ശക്തിയോടെ വാക് സിനേഷൻ വിജയപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൻറെ ഭാഗമായി വാക്സിനേഷനിൽ പിന്നോക്കം നിൽക്കുന്ന പ്രദേശം കേന്ദ്രീകരിച്ച് മിഷൻ ഇന്ദ്രധനുഷ്/ഇന്റെൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആശാ പദ്ധതി

കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ ഇപ്പോൾ 27,000 ആശാ പ്രവർത്തകർ 14 ജില്ലകളിലുമായി പ്രവർത്തിച്ച് വരുന്നു. പകർച്ചവ്യാധിനിയന്ത്രണം പരിപാടികൾ, കൊതുകനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയാണ് ആശപ്രവർത്തകരുടെ പ്രധാന ചുമതലകൾ. ഇവർക്ക് സ്ഥിരമായ ഒരു വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന 1000 രൂപ ഹോണറേറിയവുമാണ് നൽകുന്നത്. ജില്ലകളിൽ പ്രാദേശികമായുള്ള പകർച്ചവ്യാധി നിയന്ത്രണ പരിപാടികളിലും മറ്റും സജ്ജീവമായി പ്രവർത്തിച്ചുവരുന്ന ആശാ പ്രവർത്തകർക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നത് ഏറ്റവും അഭികാമ്യമാണ്. 2015 ജൂലൈ മുതൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന ഇത് നടപ്പിലാക്കിവരുന്നു. ഇതു പ്രകാരം 80 രൂപ വാർഷിക പ്രീമിയത്തിൽ 2 ലക്ഷം രൂപയുടെ അപകട മരണത്തിനും, 2 ലക്ഷം രൂപയുടെ പൂർണ്ണ അംഗവൈകല്യത്തിനും, 1 ലക്ഷം രൂപയുടെ ഭാഗീക അംഗവൈകല്യത്തിനും, അപകട/ അസുഖത്തിനോടനുബന്ധിച്ചുള്ള ആശുപത്രി ചെലവിന് 10,000 രൂപയും , കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000 രൂപയും, സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000 രൂപയുമാണ് ലഭിക്കുക.

### ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി

ആദിവാസി സമൂഹത്തിനു യോജിക്കുന്ന രീതിയിലുള്ള പ്രത്യേക ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമത്തിൻറെ ആദ്യ പടിയാണ് ഊരുമിത്രം പദ്ധതി. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃ ശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് G.O.(Rt)No.1106/2017/H&FWD ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഊരുവിഭാഗങ്ങളിൽ നിന്നും ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016 -17ൽ ആരംഭിച്ചത്. തങ്ങൾ സേവനം നൽകുന്ന അതേ സമൂഹത്തിൽ താമസിക്കുന്നവർ ആയതുകൊണ്ട് അവരുടെ തനതു സംസ്കാരം ഉൾക്കൊണ്ട് അവരുടെ ജീവിതരീതികൾക്കു അനുയോജ്യമായ ആരോഗ്യ സന്ദേശങ്ങൾ സമൂഹത്തിൽ എത്തിക്കാനും അത്യാവശ്യ ഘട്ടങ്ങളിൽ വേണ്ട പ്രാഥമിക ആരോഗ്യ സേവനങ്ങൾ നൽകാനും ഊരുമിത്രങ്ങൾക്കു സാധിക്കും അതേ ഊരിലെ താമസക്കാർ എന്ന നിലയ്ക്ക് ആരോഗ്യ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കാൻ ഇവർക്ക് സാധിക്കും എന്നതും പൊതുവേ അന്യരോടു അകന്നു നില്ക്കാൻ ശ്രമിക്കുന്ന ആദിവാസി സമൂഹത്തിന് അവരിൽ ഒരാൾ തന്നെ നൽകുന്ന സേവനങ്ങൾ കൂടുതൽ സ്വീകാര്യമാകും എന്നതുമാണ് ഈ പദ്ധതിയുടെ സുവര്ണരേഖ.

നിശ്ചിത ഗോത്ര വർഗ കോളനികളിൽ സ്ഥിരതാമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾ തന്നെ തിരഞ്ഞെടുക്കുകയും തീവ്രപരിശീലനത്തിലൂടെ അവരെ ആരോഗ്യ പ്രവർത്തകരായി മാറ്റുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. വാർഡ് മെമ്പർ അധ്യക്ഷനായി ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ കുടുംബശ്രീ വർക്കർ ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വെച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടു പേരിൽ നിന്നും ദ്വിദിന പരിശീലന/ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു. പാലക്കാട്, മലപ്പുറം ,വയനാട് ,എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ പ്രാരംഭ തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുകയാണ്.

വാർഡ് മെമ്പർ അധ്യക്ഷനായി ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ കുടുംബശ്രീ വർക്കർ ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വെച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടു പേരിൽ നിന്നും ദ്വിദിന പരിശീലന/ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തിരഞ്ഞെടുക്കുന്നു.
മാനദണ്ഡങ്ങൾ:

- അതേ ഗോത്രത്തിൽ പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.
- എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- സന്നദ്ധ സേവനതല്പരയായിരിക്കണം

വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

## 1. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK)

18 വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുതിനുള്ള വിദഗ്ധ പരിശോധനയും, സാധാരണയായി കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജൻമനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്. നവജാത ശിശുക്കളെ പൊതുജനാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യപ്രവർത്തകരും, 6 ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/ASHA മുതലായവരും, 6 ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ അംഗൻവാടിയിൽ വച്ചും, സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ വച്ചും, ആർ.ബി.എസ്.കെ. നഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യപ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലേയ്ക്കും, ആവശ്യമെങ്കിൽ അവിടെനിന്നും വിദഗ്ദ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു.

ചികിത്സയും പരിചരണവും

' ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ചികിത്സാ സേവനങ്ങളും (30 അസുഖങ്ങൾക്കുള്ള) സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ആശുപത്രി മുഖേനയും പൂർണ്ണമായും സൗജന്യമാണ്.

' ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന നൂതനമായ സ്ഥാപനമാണ് ഡി.ഐ.ഇ.സി(1/ജില്ലാ). അംഗണവാടി-സ്കൂളുകളിൽ പരിശോധിച്ച് വളർച്ചയും വികാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികളെ ഡി.ഇ.ഐ.സി.കളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്നു.

' ഡി.ഇ.ഐ.സി.യിലേയ്ക്ക് റെഫർ ചെയ്യുന്ന കുട്ടികൾക്ക് വേണ്ട ചികിത്സയും വിവിധ തെറാപ്പികളും നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർനിരീക്ഷണത്തിന് വിധേയമാക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റെഫർ ചെയ്യുന്നു.

സ്പെഷ്യലിസ്റ്റുകളായ ശിശുരോഗ വിദഗ്ദൻ, ദന്തൽ സർജൻ, മെഡിക്കൽഓഫീസർ മുതലയാവരും, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ദന്തൽ ഹൈജിനിസ്റ്റ് തുടങ്ങിയ വിദഗ്ധരെ ഓരോ ഡി.ഇ.ഐ.സി യിലും നിയമിച്ചിട്ടുണ്ട്.

<u>**ശലഭം**</u>

എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥലങ്ങളായ ട്രൈബൽ ഏരിയ , പർവ്വത പ്രദേശങ്ങൾ തുടങ്ങിയ 17 സ്ഥലങ്ങളിൽ ഒരു മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ RBSK സ്ക്രീനിംഗ് നടത്തുന്നതിനായി 17 മൊബൈൽ യൂണിറ്റുകൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്അതാതു സ്ഥലങ്ങളിലെ . സ്കൂൾ അംഗൻവാടികൾ കേന്ദ്രീകരിച്ചാണ് യൂണിറ്റുകളുടെ പ്രവർത്തനം പ്രത്യേക പരിശീലനം . സിദ്ധിച്ച RBSK നഴ്സൻമാരും മെഡിക്കൽ ഓഫീസറും അടങ്ങുന്നതാണ് ഓരോ യൂണിറ്റുകളും . പരിശോധനക്ക് ആവശ്യമായ ഉപകാരണങ്ങളും , മരുന്നുകളും മറ്റും സജ്ജീകരിച്ചിരിക്കുന്നു

**ജനനവൈകല്യങ്ങൾ ( Defects at Birth)**

' ന്യൂറൽ ട്യൂബ് ഡിഫക്റ്റ് (Natural Tube Defect)

' ഡൗൺ സിൻഡ്രോം (Down Syndrome)

' മുറിച്ചുണ്ട് (Cleft lip)

**അണ്ണാക്കിലെ വിടവുകൾ ( Palate/ Cleft Palate alone)**

- കാല്പാദ വൈകല്യങ്ങൾ – (Talipes (club foot)
- അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental physplasia of the Hip)
- ജന്മനാലുള്ള തിമിരം (Congenital Cataract)
- ജന്മനാലുള്ള കേൾവിക്കുറവ് (Congenital Heart Disease)
- ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)
- Retinopathy of Prematurity (മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)

**ന്യൂനതകൾ (Deciciencies)**

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ A യുടെ കുറവ് ( Bitot Spot)
- വിറ്റാമിൻ D യുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ടവീക്കം ( (Goiter)

**ശൈശവ രോഗങ്ങൾ (Childhood Diseases)**

- ത്വക്ക് രോഗങ്ങൾ ( Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ അണുബാധ ( Otitis Media)
- റുമാറ്റിക്ക് ഹൃദ്രോഗം (Rhumatic Heart Disease)
- പല്ലിലെ പോട് ( Dental Caries)
- ജന്നിരോഗങ്ങൾ ( Convulsive Disorders)

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും ( Developmental delays and Disabilities)**

- കാഴ്ചക്കുറവ്
- കേൾവിക്കുറവ്
- Neuro – Motor Impairment (ചലനവൈകല്യങ്ങൾ)
- Motor delay
- ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം ( Cognitive Delay)
- ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം Language Delay)
- ഒട്ടിസം (Autism)
- പഠനവൈകല്യം ( Learning Disorder)
- എ.ഡി.എച്ച്.ഡി ((Attention, Deficit Hyperactivity Disorder)
- Congenital Hypothyroidism, Sickle cell Anaemia, Beta Thalassemia (ബീറ്റാതലസീമിയ) (Optional)

**ഹൃദ്യം പദ്ധതി**

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിനു പൂർണമായും സൗജന്യചികിത്സ ലഭ്യമാണ് എന്നാൽ ജന്മനായുള്ള . ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനും കാലതാമസം നേരിടുന്നു യഥാസമയം . കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ, ദേശീയ

ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യംഈ . പദ്ധതിയിൽ ഒരു website വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ website ന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമം ആക്കുകയും ചെയ്യുന്നുഈ . പദ്ധതി 2017 ആഗസ്റ് മാസം 31 മുതൽ ആരംഭിച്ചു

**NIPI (ദേശീയ അയൺ പ്ളസ് ഇൻഷേയറ്റീവ് പദ്ധതി )**

6 മാസം മുതൽ 59 മാസം വരെയുള്ള ശിശുക്കളിൽ വിളർച്ച തടയുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പവഴി നടപ്പിലാക്കുന്ന NIPI (ദേശീയ അയൺ പ്ളസ് ഇൻഷേയറ്റീവ് പദ്ധതി ) പദ്ധതിവഴി ലക്ഷ്യമാക്കുന്നത്. ഈ പദ്ധതിയിലൂടെ അയൺ ഫോളിക് ആസിഡ് സിറപ്പിന്റെ (100 ml ബോട്ടിൽ) രൂപത്തിലാണ് മേൽപ്പറഞ്ഞ പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് നൽകുന്നത്. 1 ml സിറപ്പിൽ 20 mg അയണും 100 മൈക്രാഗ്രാം ഫോളിക് ആസിഡും അടങ്ങിയിരിക്കുന്നു. ആഴ്ചയിൽ 2 ദിവസം 1 ml വീതം അയൺ ഫോളിക് ആസിഡ് സിറപ്പ് കുഞ്ഞുങ്ങൾക്ക് നൽകുന്നു. അയൺ ഫോളിക് ആസിഡ് സിറപ്പിന്റെ ഉപഭോഗം നിരീക്ഷിക്കുന്നതും വിതരണം ചെയ്യുന്നതും ആശാ വർക്കർമാരുടെയും ജെ.പി.എച്ച്.എൻ. മാരുടെയും പ്രവർത്തനങ്ങളിലൂടെയാണ്. ഈ പദ്ധതിയിലൂടെ സാമാന്യമോ കടുത്തതോ ആയ വിളർച്ചയുള്ളവരെ കണ്ടെത്തി അനുയോജ്യമായ ചികിത്സാ സൗകര്യങ്ങൾ ശുപാർശ ചെയ്യുന്നു. പാലക്കാട്, വയനാട് എന്നീ ജില്ലകളിലാണ് പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷം മുതൽ കേരളത്തിലെ 14 ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2017-2018 സാമ്പത്തിക വർഷം 14 ലക്ഷം രൂപയാണ് അയൺ ഫോളിക് ആസിഡ് സിറപ്പ് (പാലക്കാട്, വയനാട് എന്നീ ജില്ലകളികളിൽ) വാങ്ങുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്.

ആർ. ബി.സ്.കെ പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായം

| RBSK Approval Rs. In lakhs | | | | | |
|---|---|---|---|---|---|
| FMR | Activity | 2014-15 | 2015-16 | 2016-17 | 2017-18 |
| Head | | Amount Approved | Amount Approved | Amount Approved | Amount Approved |
| A.5.1 | Operational Cost of RBSK (Mobility support,DEIC etc) | 239.79 | 241.33 | 274.41 | 296.86 |

| | | | | | |
|---|---|---|---|---|---|
| A.5.2 | Referral Support for Secondary Tertiary cost | 1185.9 | 1223.94 | 1506.88 | 3093.9 |

**കൌമാര ആരോഗ്യ പദ്ധതി**

കേരളത്തിലെ, ഏകദേശം 70 ലക്ഷത്തോളം വരുന്ന ഗുണഭോക്താക്കൾക്ക്, അവരുടെ വളർച്ചയുടെയും മാനസിക, പ്രജനന വികാസത്തിന്റെയും പ്രത്യേക ആവശ്യങ്ങൾക്ക് ഊന്നല് നൽകിക്കൊണ്ടുള്ളതും സമഗ്രവും ആയ സേവനങ്ങൾ നല്കുക എന്നതാണ് കൌമാര ആരോഗ്യ പദ്ധതിയുടെ ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം ചുവടെ വിവരിക്കുന്നു .

**കൌമാര സൌഹൃദ ആരോഗ്യ കേന്ദ്രങ്ങൾ :**

- കൌമാരക്കാരുടെ ഇടയിൽ വ്യാപകമായി കണ്ടു വരുന്ന മാനസിക, ശാരീരിക, പ്രജനന ആരോഗ്യത്തിലുള്ള കുറവുകൾ പരിഹരിക്കാനായി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ളതാണ് കൌമാര ആരോഗ്യ കേന്ദ്രങ്ങൾ
- പ്രത്യേകം പരിശീലനം നേടിയിട്ടുള്ള കൌൺസിലർമാര് പൂർണ്ണ സ്വകാര്യതയോടും, സാങ്കേതിക വൈദഗ്ധ്യത്തോടും കൂടി ഇവിടെ വരുന്ന കൌമാരക്കാരുമായി ഇടപഴകി കൌൺസിലിങ് സേവനങ്ങൾ നല്കുന്നു.
- ഇത്തരത്തിലുള്ള 37 കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ RKSK (Rashtriya Kishor Swasthya Karyakram) പദ്ധതിയുടെ ഭാഗമായ 24 കേന്ദ്രങ്ങൾ പാലക്കാട്, വയനാട്, കസർഗോഡ് ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. മറ്റ് കേന്ദ്രങ്ങൾ ബാക്കി ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ജില്ല / താലൂക്ക് ആശുപത്രികളിലും പ്രവർത്തിക്കുന്നു. ഇതു കൂടാതെ 21 പുതിയ കേന്ദ്രങ്ങൾ കൂടി ആലപ്പുഴ, പത്തനംതിട്ട , ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലായി പ്രവർത്തനക്ഷേമം ആക്കുന്നതിന് ഉള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. ഇവക്കു പുറമെ 7 ജില്ലകളിൽ സംസ്ഥാന പ്ലാൻ ഫൺഡ് വിനിയോഗിച്ച് ആരോഗ്യ ബ്ളോക്ക് അടിസ്ഥാനത്തിൽ (തിരുവനന്തപുരം , കൊല്ലം , കോട്ടയം , എർണാകുളം , തൃശ്ശൂർ , കോഴിക്കോട് , കണ്ണൂർ എന്നീ ജില്ലകളിൽ ) 4 വീതം കൌമാര ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാനും കൌമാര സേവനങ്ങൾ പുതിയതായി പ്രവർത്തിച്ചു തുടങ്ങുന്ന ആർദ്രം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എത്തിക്കാൻ നടപടികള് തുടങ്ങി കഴിഞ്ഞു. ഇതോടു കൂടി കേരളത്തിലെ 100% ജില്ലകളിലും വിപുലീകരിച്ച കൌമാര ആരോഗ്യ സേവനങ്ങൾ ലഭ്യമാകുന്നതാണ്

Outreach

- സമൂഹത്തിലെ കൌമാരക്കാരുടെ ആരോഗ്യപരമായ അവബോധം വളർത്തുന്നതിനും, സമയോചിതമായ ഒരു പ്രശ്ന പരിഹാര ശൈലി വ്യാപിപ്പിക്കാനും വേണ്ടി NHM ന്റെ കൌമാര ആരോഗ്യ കൌൺസിലർമാര് വ്യാപകമായ outreach സേവനങ്ങൾ സ്കൂൾ തലത്തിൽ നടത്തി വരുന്നു.

**രാഷ്ട്രീയ കിഷോർ സ്വസ്ഥ്യ കാര്യക്രമ് :**

- കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ, ദേശ വ്യാപകമായി കൌമാര ആരോഗ്യത്തിന് ഉയര്ന്ന മുൻഗണന നൽകുന്ന, പദ്ധതിയാണ് RKSK.
- ഇതിലൂടെ സാധാരണ അഭിമുഖീകരിക്കുന്ന മേഖലകളായ പോഷണം, പ്രജനന ആരോഗ്യം, ശാരീരിക-മാനസിക ആരോഗ്യം എന്നിവയ്ക്ക് പുറമെ ജീവിത ശൈലീ രോഗങ്ങളുടെ തടയൽ, അപകടങ്ങളും, ആക്രമണങ്ങളും, ലഹരി പദാര്ഥങ്ങളുടെ ദുരുപയോഗം എന്നീ ആനുകാലിക മേഖലകളിലെ ഇടപെടൽ കൂടി ഉദ്ദേശിക്കുന്നു. ഇതിനായി പിയര് എജ്യൂക്കേഷന് ( സമ പ്രായക്കാർ വഴിയുള്ള ഇടപെടൽ), ജനങ്ങളിലേക്ക് കൌമാര ആരോഗ്യ സേവനങ്ങളുടെ പ്രധാന്യവും, പങ്കാളിത്തവും കൌമാര ആരോഗ്യ ദിനാചരണം എന്നിവ നടത്തുന്നു.

**പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പദ്ധതി**

- വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്

- കൌമാര പോഷണ പരിപാടിയുടെ ഭാഗമായി കൌമാരക്കാർക്കിടയിലെ വിളർച്ച തടയുന്നതിന് വേണ്ടി പ്രതിവാര അയൺ ഫോളിക് ആസിഡ് പോഷണ പദ്ധതി നടത്തി വരുന്നു.
- ഇതിലൂടെ സര്ക്കാർ / സര്ക്കാർ എയിഡെഡ് സ്കൂളുകളിലെ 6 ആം ക്ലാസ്സ് മുതൽ 12ആം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെണ്കുട്ടികൾക്കും അതോടൊപ്പം അംഗൻവാടികളിലൂടെ സ്കൂളിൽ പോകാത്ത കൌമാര പ്രായക്കാരായ പെണ്കുട്ടികൾക്കും ഗുളികകൾ നല്കുന്നു.

- അയൺ ഫോളിക് ആസിഡ് ഗുളികകളുടെ ഉപഭോഗം നിരീക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു നിശ്ചിത ദിവസ സമീപനമാണ് വിഫ്സ് പദ്ധതി അനുവർത്തിക്കുന്നത്.

- അയൺ ഫോളിക് ആസിഡ് ഗുളികൾക്ക് പുറമെ വിരയിളക്കുന്നതിനുള്ള അൽബൻറാസോൾ(400 mg) ഗുളികകളും ശുപാർശ ചെയ്യുന്നു.

വിഫ്സ് പദ്ധതിയുടെ പ്രധാന നടപടികൾ

i) ആഴ്ചതോറും അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം
ii) സാമാന്യമോ കടുത്തതോ ആയ അനീമിയ ഉള്ളവരെ കണ്ടെത്തി അനുയോജ്യമായ ചികിത്സ സൌകര്യങ്ങൾ ശുപാർശ ചെയ്യുക .
iv) ബോധവൽകരണം- മെച്ചപ്പെട്ട ആഹാരം കഴിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നത് നല്ല ആരോഗ്യത്തിന് സഹായകമാകും.

**ആർത്തവ ശുചിത്വ പദ്ധതി**

- ആർത്തവ ശുചിത്വ പദ്ധതിയുടെ ഭാഗമായി നിലവില് 7 ജില്ലകളിലെ (കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസറഗോഡ് ) കൌമാര പ്രായക്കാരായ പെണ്കുട്ടികൾക്ക് കുറഞ്ഞ ചെലവില് സാനിട്ടറി നാപ്കിനുകളും ആശമാർ വഴി വിതരണം ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിൽ പൊതുജന തൽപര്യം മുൻ നിർത്തി കൊണ്ട് 14 ജില്ലയിലും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന നഗര ചെറി പ്രേദേശനങ്ങളിലെ പെൺ കുട്ടികൾക്കും , പട്ടിക വർഗ വികസന വകുപ്പ് നടത്തുന്ന പ്രീ മട്രിക് ഹോസ്റ്റലുകളിലും അംബേദ്കർ മെമോറിയല് റസിഡൻഷ്യല് സ്കൂളിലെ കൌമാര പ്രായക്കാരായ പെങ്കുട്ടികൾക്കും ഈ പദ്ധതിയുടെ ഗുണം ലഭ്യമാക്കിയിട്ടുണ്ട് . ഇതിൽ കൂടെ ഈ കുട്ടികൾക്ക് നപ്കിൻറെ ലഭ്യതയ്ക്ക് പുറമെ ആരോഗ്യ പ്രവർത്തകരുടെ പങ്കാളിത്തത്തോടെയുള്ള കൌമാര ആരോഗ്യ വിദ്യാഭാസം , കൌൺസലിങ് സേവനങ്ങൾ എന്നിവ തുടർച്ചയായും കൃത്യമായും ലഭിക്കുവാനുള്ള അവസരം ഉറപ്പാക്കും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളാണ് ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കി വരുന്ന കൌമാര ആരോഗ്യ പദ്ധ്തി/ രാഷ്ട്രീയ കിഷോർ സ്വസ്ഥ്യ കാര്യക്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്

കൌമാര ആരോഗ്യ പദ്ധതി/ രാഷ്ട്രീയ കിഷോർ സ്വസ്ഥ്യ കാര്യക്രം പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ROP 2017-18 പ്രകാരം 297.01 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്

## ദേശീയ ബധിരത നിയന്ത്രണ പദ്ധതി

ലോകാരോഗ്യ സംഘടനയുടെ കണക്കപ്രകാരം ഇന്ത്യയിൽ ഏകദേശം 63 ദശലക്ഷം ആളുകൾ വിവിധ കാരണങ്ങൾകൊണ്ട് കേൾവിക്കുറവ് എന്ന വൈകല്യം അനുഭവിക്കുന്നു. ഇതിലധികവും 14 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികളാണ്. ഇത് ഇന്ത്യയുടെ ഭൗതികവും സാമ്പത്തികവുമായ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്. പ്രതിരോധിക്കാൻ പറ്റുന്ന കേൾവിക്കുറവിനെ ശരിയായ മാർഗ്ഗങ്ങളിലൂടെ പ്രതിരോധിക്കുകയും, അതാത് സമയത്തുള്ള തിരിച്ചറിവിലൂടെയും ശരിയായ നിർണ്ണയത്തിലൂടെയും പുനരധിവാസത്തിലൂടെയും കേൾവിക്കുറവുകൊണ്ടുണ്ടാകാവുന്ന പ്രശ്നങ്ങളുടെ ആധിക്യം കുറച്ച് പ്രവർത്തനസജ്ജരായ ഒരു നല്ല തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് 12-ാം പഞ്ചവത്സര പദ്ധതി 'ദേശീയ ബധിരത നിയന്ത്രണ പദ്ധതി' എന്ന ദൗത്യത്തിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. കേരളത്തിൽ ഈ പദ്ധതി ഓരോ ജില്ലകളിലെയും ജനറൽ ആശുപത്രി അല്ലെങ്കിൽ ജില്ലാ ആശുപത്രിയുടെ ഇ.എൻ.ടി വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനം തുടങ്ങിയിരിക്കുന്നു. ഇതിലേക്കായി സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് നോഡൽ ഓഫീസർ, പ്രോഗ്രാം അസിസ്റ്റന്റ്, എല്ലാ ജില്ലകളിലും ജില്ലാ നോഡൽ ഓഫീസർ, ഓഡിയോളജിസ്റ്റ്, ഓഡിയോമെട്രിക് അസിസ്റ്റന്റ്, ഇൻസ്ട്രക്ടർ ഫോർ ഹിയറിംഗ് ഇംപെർഡ് (H.I) തുടങ്ങിയ നിയമനങ്ങൾ പൂർത്തീകരിച്ചു. അതിനോടൊപ്പം ഇതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉൾപ്പെടുത്തി ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻവേണ്ടി ഇതിനു ആവശ്യമായ തുക ഈ പദ്ധതിയിൽ നിന്നും കെഎംഎസ്‌സിഎൽ ലേക്ക് കൈമാറ്റം ചെയ്തു കഴിഞ്ഞു. കെ എം എസ് സി എൽ വഴി ഉപകരണങ്ങളുടെ കൈമാറ്റം എല്ലാ ജില്ലകളിലും പൂർത്തീകരിക്കുകയും താലൂക്ക് ആശുപത്രികളിലേക്കും സി എച്ച് സി, പി എച്ച് സി കളിലേക്കും വേണ്ട ഉപകരണങ്ങളുടെ കൈമാറ്റം നടന്നുകൊണ്ടിരിക്കുന്നു.

## ദേശീയ ബധിരത നിയന്ത്രണ പദ്ധതിയിലൂടെ ഓരോ കേന്ദ്രവും

* ഇ.എൻ.ടി. ഒ.പി.യുമായി ബന്ധപ്പെട്ട് വരുന്ന രോഗികളുടെ (ചെവി സംബന്ധമായ രോഗമുള്ളവർ, കേൾവിക്കുറവുള്ളവർ) കേൾവി പരിശോധന നടത്തുന്നു.

* ആശുപത്രി വികലാംഗ നിർണയ സമിതിയുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെ വികലാംഗ നിർണയ സമിതിയുടെയും വികലാംഗത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനോടനുബന്ധിച്ചുള്ള കേൾവി പരിശോധന നടത്തുന്നു.

* ജില്ലയിലെ എല്ലാ പ്രദേശങ്ങളിലെ ആശുപത്രികളിൽ നിന്നും വരുന്ന കേൾവി പരിശോധനയുടെ ആസ്ഥാനകേന്ദ്രമായി ഇത് പ്രവർത്തിക്കുന്നു.

* കേൾവിക്കുറവു സംബന്ധിച്ചും അല്ലാതെയുമുള്ള സംസാരവൈകല്യങ്ങളുടെ പുനരധിവാസം നടത്തുന്നു.

* കേൾവിക്കുറവിന്റെ പുനരധിവാസവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നു.

* ചെവിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനകേന്ദ്രത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.

* എല്ലാ പ്രായക്കാരിലും, ഏതു കാരണത്താലുമുണ്ടായേക്കാവുന്ന കേൾവിക്കുറവിന്റെ പുനരധിവാസം നടത്തുന്നു.

# Expenditure details

| Year wise expenditure | Approved PiP (Lakhs) | Funds Received (Lakhs) | State Contributions (Lakhs) | Expenditure (Lakhs) | Unutilized funds (Lakhs) |
|---|---|---|---|---|---|
| 2012 –2013 | 305.76 | Nil | Nil | Nil | Nil |
| 2013 –2014 | 637.22 | 637.22 # | Nil | Nil | 637.22 |
| 2014 –2015 | 92.14 | 5.89 * | - | 285.02 | 358.09 |
| 2015 - 2016 | 1.44 | - | | 77.02 | 281.48+15.38(interest) =296.87 |
| 2016-2017 | 87.42 | - | - | - | |

# Received on 28th March 2014
* Received on 31st March 2015

**കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി**

ദേശീയ ആരോഗ്യ മിഷൻ വഴി നടപ്പിലാക്കി വരുന്ന ഒരു ദേശീയ ആരോഗ്യ പദ്ധതിയാണ് ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടികുഷ്ഠരോഗമുള്ളവരെ . കണ്ടെത്തി ചികിത്സിക്കുക, രോഗവ്യാപനം തടയുക അങ്ങനെ കുഷ്ഠരോഗ നിർമ്മാർജ്ജന ലക്ഷ്യം കൈവരിക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. 60: 40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സാമ്പത്തിക സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ വർഷം )2017-18 ) 70 .13 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**റേഡിയോ ഹെൽത്ത്**

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന റേഡിയോ – ഹെൽത്ത് പരിപാടികൾ ആകാശവാണിയുടെ അനന്തപുരി എഫ്. എം. ലും ആകാശവാണിയുടെ തിരുവനന്തപുരം കൊച്ചി ദേവികുളം തൃശ്ശൂർ മഞ്ചേരി, കോഴിക്കോട്, കണ്ണൂർ എന്നീ നിലയങ്ങളിലും പ്രക്ഷേപണം ചെയ്തു വരുന്നു. ആരോഗ്യ സംബന്ധമായ എല്ലാ വിഷയങ്ങളും ഇതിലൂടെ പ്രക്ഷേപണം ചെയ്യുന്നു. വിദഗ്ദ്ധ ഡോക്ടർമാരുമായുള്ള അഭിമുഖം അപ്പോഴപ്പോഴുണ്ടാകുന്ന അസുഖങ്ങൾ തുടങ്ങി ആരോഗ്യ സംബന്ധമായ വിവിധ മേഖലകളെക്കുറിച്ച് റേഡിയോ ഹെൽത്തിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു. 2017 – 18 സാമ്പത്തിക വർഷത്തിൽ 32.54 ലക്ഷം രൂപ സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

**ബി.സി.സി.**

ദേശീയ ആരോഗ്യ ദൗത്യവുമായി ബന്ധപ്പെട്ട വിഭാഗമാണ് ബി.സി.സി. പൊതുജനങ്ങളിൽ ആരോഗ്യപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയുമാണ് ഈ വിഭാഗം ചെയ്യുന്നത്. പത്രദൃശ്യശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങളും ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. നവമാധ്യമങ്ങൾ വഴിയും വിവിധ ആരോഗ്യ പദ്ധതികളെ പ്പറ്റി പ്രചാരം നടത്തിവരുന്നു. 2017 – 18 സാമ്പത്തിക വർഷത്തിൽ 5.98 കോടി രൂപയാണ് സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളത്.

**ജനനീ ശിശുസുരക്ഷാ കാര്യക്രം (JSSK)**

**(അമ്മയും കുഞ്ഞും പദ്ധതി)**

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യചികിത്സാപദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും 30 ദിവസം വരെയുള്ള നവജാത ശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിവഴിയുള്ള സേവനങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും അവകാശമായി പരിഗണിക്കുന്നു.

**ഗർഭിണികൾക്കുള്ള അവകാശങ്ങൾ**

1. സൗജന്യ പ്രസവചികിത്സ സൗജന്യ സിസേറിയൻ

2. സൗജന്യ പരിശോധനകൾ, മരുന്നുകൾ

3. സൗജന്യ താമസവും ഭക്ഷണവും – സാധാരണ പ്രസവത്തിന് മൂന്നു ദിവസം, സിസേറിയന് 7 ദിവസം (പേവാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽ പെടുന്നില്ല)

4. സൗജന്യ രക്തദാനം

5. പ്രസവത്തിനായി ആശുപത്രിയിലേക്കും, പ്രസവാനന്തരം വീട്ടിലേക്കും റഫർ ചെയ്യുമ്പോഴും സൗജന്യ യാത്രാസൗകര്യം.

6. എല്ലാ ആശുപത്രി ചെലവുകളും (ഒ.പി. ടിക്കറ്റ് ചാർജ് ഉൾപ്പെടെ) സൗജന്യം.

7. പ്രസവാനന്തരം 42 ദിവസം വരെ ചികിത്സാച്ചെലവ് സൗജന്യം

ജനിച്ച് 30 ദിവസം വരെ നവജാതശിശുക്കൾക്കുള്ള അവകാശങ്ങൾ

1. സൗജന്യ മരുന്നും മറ്റു പരിശോധന/ചികിത്സാ സൗകര്യങ്ങളും

2. വീട്ടിൽ നിന്നും ആശുപത്രിയിലേയക്കും, റഫർ ചെയ്യുമ്പോൾ മറ്റ് ആശുപത്രിയിലേക്കും, തിരിച്ച് വീട്ടിലേക്കും സൗജന്യയാത്ര

2016-2017 സാമ്പത്തിക വർഷം ഈ പരിപാടിയ്ക്കായി 1593.44 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ദേശീയ നഗരാരോഗ്യ ദൌത്യം – കേരളം**

നഗരങ്ങളിലെ നിർദ്ധനരായ ജനവിഭാഗങ്ങൾക്ക് പ്രത്യേകിച്ച ചേരി നിവാസികൾക്ക് ഗുണനിലവാരമുള്ള പ്രാഥമിക ആരോഗ്യ സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രത്യേക പദ്ധതി . നിലവിലെ ദേശീയ ആരോഗ്യ ദൌത്യത്തിന്റെ ഒരു ഉപ ദൌത്യം)Sub mission)എന്ന നിലയിൽ 2014മുതൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു .പ്രധാന നഗരങ്ങളി ൽ ഓരോ അൻപതിനായിരം ജനങ്ങൾക്ക് ഒന്ന് എന്ന ക്രമത്തി ല് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ)UPHC) 83പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തെ 44 പ്രധാന നഗരങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു . നിത്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പാവങ്ങൾ, ചേരി നിവാസികൾ എന്നിവരെ മുഖ്യ ലക്ഷ്യവിഭാഗമായി കണ്ടുകൊണ്ട് പ്രവർത്തിക്കുന്നു . ഉച്ചതിരിഞ്ഞു രണ്ടുമണി മുതൽ രാത്രി എട്ടുമണി വരെ ഓ.പി .പ്രവർത്തിക്കുന്നു. സൌജന്യ ലബോറട്ടറി സേവനങ്ങളും മരുന്നുകളും ലഭ്യമാക്കുന്നുണ്ട് . ആഴ്ച തോറും ജീവിതശൈലീ രോഗ /പകർച്ചേതരവ്യാധി ക്ലിനിക്)NCD Clinic) എല്ലാ കേന്ദ്രങ്ങളിലും പ്രവർത്തിപ്പിക്കുന്നു .പ്രതിവർഷം ആറ് ലക്ഷം രൂപയുടെ മരുന്ന് ഓരോ കേന്ദ്രത്തിലേക്കും അനുവദിക്കുന്നു .പ്രത്യേക മെഡിക്കൽ ക്യാമ്പുക ള് ഓരോ നഗരത്തിനും ആവശ്യാനുസരണം നടത്തുന്നു. പ്രതിരോധ കുത്തിവെയ്പ്പുകളും മറ്റും കേന്ദ്രത്തിലും ഫീൽഡിലും നൽകിവരുന്നു

ഈ സർക്കാ ര് അധികാരത്തി ൽ വന്ന ശേഷം സവിശേഷമായി

- സംസ്ഥാനത്തെ ഏഴ് നഗരങ്ങളിൽ പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചു.
- സ്റ്റേറ്റ് അർബൻ ഹെൽത്ത് മാനേജരെ നിയമിച്ചു.
- പശ്ചാത്തല സൌകര്യങ്ങൾ പരിമിതമായ നഗര ആരോഗ്യകേന്ദ്രങ്ങളുടെ വിപുലീകരണം പൂർത്തീകരിച്ചു.

- ബസ് സ്റ്റാൻറ് പോലുള്ള പൊതു ഇടങ്ങളിൽ പ്രഥമ ശുശ്രൂഷയും അവശ്യആരോഗ്യസേവനവും നൽകുന്നതിലേക്ക് 'വഴികാട്ടി' എന്ന പേരിൽ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നു.
- 232പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നഗരങ്ങളിലെ ചേരികൾ കേന്ദ്രീകരിച്ച് നടത്തി.
- ദേശീയ ആർത്തവശുചിത്വ പരിപാടിയുടെ പ്രവർത്തനങ്ങൾ നഗരങ്ങളിലെ നിർദ്ധന രിലേക്കുകൂടി വ്യാപിപ്പിച്ചു.
- 2017സെപ്റ്റംബർ മുതൽ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നഗരങ്ങളിലെ ചേരികളിലും മറ്റും അധിവസിക്കുന്ന കൗമാരക്കാരായ പെൺകുട്ടികൾക്ക് സാനിട്ടറി നപ്കിനുക ൾ നാമമാത്ര നിരക്കിൽ നൽകുന്നു.
- സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി ചേർന്ന് അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിശോധനയും മരുന്ന് വിതരണവും)തൊഴിൽ ഇടങ്ങളില്(നടത്തി 144 .ക്യാംപ്പുകളിലൂടെ 14099തൊഴിലാളികൾക്ക് സേവനം നൽകി.
- നഗരപ്രദേശത്തെ ചേരികളിൽ അധിവസിക്കുന്നവർ, അതിഥി തൊഴിലാളികൾ നഗരങ്ങളിലെ താൽക്കാലിക താമസക്കാർ എന്നിവരെ ലക്ഷ്യം വെച്ചുകൊണ്ട് പുതുക്കിയ ദേശീയ ക്ഷയരോഗ നിർമാർജ്ജന പരിപാടി)RNTCP)മിഷന്റെകൂടി ഭാഗമായി നഗര പ്രദേശങ്ങളിൽ കൂടുതൽ ഊർജിതമാക്കിവരുന്നു .ഇതിന്റെ ഭാഗമായി ലബോറട്ടറി ടെക്നീഷ്യൻമാർ, പബ്ലിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകി.
- കണ്ണൂർ ജില്ലയിൽ അർബൻ ഡയാലിസിസ് സെൻറർ പുതുതായി ആരംഭിച്ചു.

**പുതിയ പദ്ധതി**

"വഴികാട്ടി" എന്നു പേരിട്ടിരിക്കുന്ന ഈ പുതിയ സംരംഭം സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലെ തിരക്കേറിയ ബസ്സ് സ്റ്റാ ന്റ് /ബസ്സ് ടെർമിന ൽ /മൊബിലിറ്റി ഹബ് /റെയിൽവേ സ്റ്റേഷന് തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കും .അതാത് നഗരസഭകൾ/ഡിപ്പാർട്ട്മെൻറ് വിട്ടുതന്നിരിക്കുന്ന സ്ഥലത്ത് നാഷണൽ അർബൻ ഹെൽത്ത് മിഷന്റെ ഫണ്ട് ഉപയോഗിച്ച് പ്രത്യേക രീതിയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ കേന്ദ്രം ദിവസത്തിന്റെ മിക്ക സമയങ്ങളിലും പ്രവർത്തന നിരതമായിരിക്കും. ദീർഘദൂര യാത്രക്കാരെയും പ്രാദേശിക ജനവിഭാഗത്തേയും അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുക എന്നതാണ് മുഖ്യ ലക്ഷ്യം.പൊതുജനങ്ങൾക്ക് തങ്ങളുടെ പ്രാഥമിക ആരോഗ്യ പരിശോധന നടത്തുന്നതിനുള്ള സൌകര്യം ഇത്തരം കേന്ദ്രങ്ങളിൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കും .

**സേവനരംഗത്തുള്ളവ ർ**

തൊട്ടടുത്ത നഗര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ)UPHC)ഒരു എക്സ്ടെ ൻഷന് എന്ന നിലയില് കേന്ദ്രം പ്രവർത്തിക്കും .UPHCയുടെ ആഭിമുഖ്യത്തി ൽ ജോലി ചെയ്യുന്ന പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒരു ആരോഗ്യസേന എല്ലായ്പ്പോഴും കേന്ദ്രത്തിൽ ഉണ്ടാവും .കേസുകളുടെ സ്വഭാവം അനുസരിച്ച് തൊട്ടടുത്ത UPHC മെഡിക്കൽ ആഫീസറുടെ സേവനവും ലഭ്യമാക്കും .

**പ്രധാന സേവനങ്ങ ൾ ) എല്ലാം പൂർണ്ണമായും സൌജന്യം)**

യാത്രാ വേളയിൽ അസ്വാസ്ഥ്യം അനുഭവപ്പെടുന്നവർക്ക് അടിയന്തിര വൈദ്യസഹായം സമീപ പ്രദേശത്ത് റോഡപകടങ്ങളിൽ പ്പെടുന്നവർക്ക് പ്രഥമ ശുശ്രൂഷ ഹൃദയാഘാതം തുടങ്ങിയ അപകടം പിടിച്ച അവസ്ഥകളി ൽ പെടുന്നവർക്ക് പ്രഥമ ശുശ്രൂഷ സ്ഥിരം ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തുകൂടി യാത്ര ചെയ്യുന്നവർക്കും സമീപവാസികൾക്കും മറ്റ് പൊതുജനങ്ങൾക്കും താഴെപ്പറയുന്ന പരിശോധനകള് ഇത്തരം കേന്ദ്രങ്ങളില് നിന്നും ലഭ്യമാക്കും

1. രക്തപരിശോധന )പ്രമേഹം പോലുള്ള രോഗമുള്ളവർക്ക് ഇത് ഏറെ സഹായകരമായിരിക്കും(
2. രക്തമർദ്ദം)Blood Pressure)
3. ശരീര ഭാരം – BMI പോലുള്ളവ നിർണ്ണയിക്കൽ

9 ലക്ഷം രൂപ വീതം ഓരോ ജില്ലകൾക്കും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലേക്ക് നൽകിക്കഴിഞ്ഞു .തിരുവനന്തപുരം, കൊല്ലം, ചങ്ങനാശേരി, എറണാകുളം, തൃശ്ശൂർ,കട്ടപ്പന തുടങ്ങിയ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാണ് .മറ്റ് കേന്ദ്രങ്ങളിൽ പൂർത്തിയായി വരുന്നു.

**<u>ജീവിതശൈലി രോഗനിയന്ത്രണത്തിൻറ ഭാഗമായി ദേശീയ ആരോഗ്യമിഷന് കീഴിൽ നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.</u>**

**NPCDCS (National Program for Cancer Diabetes Cardio Vascular Diseases and Stroke)**

ജീവിതശൈലി രോഗനിയന്ത്രണത്തിനായി കേന്ദ്ര ആരോഗ്യമന്ത്രാലയം ആരംഭിച്ച ഈ പദ്ധതിയിൽ ജില്ലാ ആശുപത്രികളെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ജീവിതശൈലിരോഗനിയന്ത്രണനായി ശക്തിപ്പെടുത്തുന്നതിൻറ ഭാഗമായി കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയുംവിന്യസിക്കുകയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാമ്പത്തികസാഹയം നൽകുകയുമാണ് ചെയ്യുന്നത്. ഇത് കേരളത്തിൽ 5 ജില്ലകളിൽ 2010-11 ൽ നടപ്പിലാക്കുകയും 2016-17ൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഈ പദ്ധതി 14 ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു. ജില്ലാ ആശുപത്രകളിൽ കൊറോണറി കെയർ യൂണിറ്റ്, ക്യാൻസർ കെയർ യൂണിറ്റ്, എൻ.സി.ഡി.ക്ലിനിക്ക് ആരംഭിക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങളിൽ എൻ.സി.ഡി ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും ജീവനക്കാരെ കാരാറിൻറെ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഈ തുക വിനിയോഗിച്ചിട്ടുണ്ട്.ഈ സാമ്പത്തിക വർഷം NPCDCS ൻറെ പദ്ധതിക്കായി 1445 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

**NPHCE ( National Program for Health Care Elderly)**

വയോജനആരോഗ്യസംരക്ഷണത്തിനായി കേന്ദ്ര ആരോഗ്യമന്ത്രാലയം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് എ ൻ.പി.എച്ച്.സി. 2010-11 വർഷങ്ങളിൽ 5 ജില്ലകളിൽ ആരംഭിക്കുകയുണ്ടായി. 2016-17 ൽ സംസ്ഥാന ആരോഗ്യവകുപ്പ് 14 ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും പദ്ധതിയുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും ചെയ്തു. ജില്ലാആശുപത്രികളിൽ ജീറിയാട്രിക് വാർഡുകൾ പണിയുക, ജീറിയാട്രിക് ഒപി സജ്ജീകരിക്കുക, ഫിസിയോതെറാപ്പി യൂണിറ്റുകൾ

സജ്ജീകരിക്കുക, ആരോഗ്യ കേന്ദ്രങ്ങളിൽ വയോജനാരോഗ്യ സംരക്ഷണം നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.ഇതിൻ്റെ ഭാഗമായി ഡോക്ടർമാരെയും മറ്റ ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ആശുപത്രിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 7 ജില്ലകളിൽ ജീറിയാട്രിക് വാർഡുകളും 10 ജില്ലകളിൽ ഫിസിയോതെറാപ്പി യൂണിറ്റുകളും, ജീറിയാട്രിക് ഒപിയും ഇതിനോടകം സജ്ജമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 230 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

**NTCP( National Tobacco Control Program)**

സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം കുറക്കുന്നതിന് പരിശീലനത്തിനും, ബോധവൽക്കരണത്തിനും Tobacco Cessation Clinic- കൾ സ്ഥാപിക്കുന്നതിനും 14 ജില്ലകൾക്കായി ഈ സാമ്പത്തിക വർഷം 93 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

NMHP (National Mental Health Program) മാനസികരോഗ നിയന്ത്രണത്തിൻ്റെ ഭാഗമായി മരുന്നിനും ക്ലിനിക്കിനും പരിശീലനത്തിനും 230 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

NOHP (Natioanl Oral Helath Program) ദന്താരോഗ്യത്തിൻ്റെ ഭാഗമായി ആശുപത്രികളെ സജ്ജീകരിക്കുന്നതിനായി 144 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി.

**NPPC (National Program for Palliative Care)**

CHC കളിൽ Secondary Level Palliative Care നടപ്പിലാക്കുന്നതിനായി 70 ലക്ഷം രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ